25 (*55) സഹകരണ ബാങ്കുകളിലെ നിക്ഷേപം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ സഹകരണമേഖലയിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കുന്നതുപോലെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ താൽപ്പര്യം കാണിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) കേരളത്തിലെ നിക്ഷേപ വിതരണ റേഷ്യോ വളരെ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 1997-98-ൽ -10583.22 കോടി രൂപ

1998-99- ൽ -12877.09 കോടി രൂപ

(ബി) അല്ല.

(സി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഡി) എല്ലാവർഷവും സഹകരണ നിക്ഷേപ സമാഹരണ യജ്ഞം നടത്തിവരുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി 1 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഉറപ്പ് നൽകുന്നതിനുള്ള നിക്ഷേപ ഗ്യാരന്റി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

26 (*56) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ത്വരിതപ്പെടുത്താൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ രൂപീകൃതമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനമൂലധനം എപ്രകാരം സംഭരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly